DIRECTORATE OF EMPLOYMENT AND TRAINING
31 JAN 2017

കേരള സർക്കാർ

<u>*സംഗ്രഹം*</u>

തൊഴിലും നൈപുണ്യവും വകുപ്പ് - ജീവനക്കാര്യം -മെക്കാനിക്ക് ആട്ടോഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് കോഴ്സും സി.ഒ.ഇ. ആട്ടോമൊബൈൽ ക്ലസ്റ്ററിലെ അഡ്വാൻസ് മൊഡ്യൂൾ കോഴ്സായ ആട്ടോഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് & എയർ കണ്ടീഷനിംഗ് ഇൻ ആട്ടോമൊബൈൽ കോഴ്സും തത്തുല്യ യോഗ്യതയായി പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

**G.O.(Ms)No. 4/2017/LBR** തിരുവനന്തപുരം, തീയതി,27/01/2017

---

പരാമർശം:
1. ശ്രീ. ശ്രീജിത്ത്.സി.യുടെ 19.01.2016-ലെ നിവേദനം.
2. ട്രെയിനിംഗ് ഡയറക്ടറുടെ 18.06.2016-ലെ എഫ്1/2497/2016 നമ്പർ കത്ത്

## <u>*ഉത്തരവ്*</u>

വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ചന്ദനത്തോപ്പ് ഐ.ടി.ഐ. യിൽ നിന്നും C O E പദ്ധതിയിൽപ്പെട്ട ആട്ടോമൊബൈൽ സെക്ടറിൽ ബെയ്സിക് കോഴ്സ് പൂർത്തിയാക്കി നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയുംടി സെക്ടറിൽത്തന്നെപെട്ട ടി കോഴ്സിന്റെ അഡ്വാൻസ് മൊഡ്യൂളിലെ ആട്ടോഇലക്ട്രിക്കൽ ഇലക്ട്രോണിക്സ് & എയർ കണ്ടീഷനിംഗ് ഇൻ ആട്ടോമൊബൈൽ കോഴ്സ് പൂർത്തിയാക്കി നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് നേടുകയുംചെയ്ത ശ്രീ. ശ്രീജിത്ത്.സി. - യ്ക്ക് രണ്ടു കോഴ്സുകളും തുല്യമാണെന്ന തുല്യത സർട്ടിഫിക്കറ്റ് പി.എസ്.സി.-ൽ ഹാജരാക്കുന്നതിന് നൽകണം പരാമർശം 1 പ്രകാരം അപേക്ഷിച്ചിരുന്നു.

2 . ടി വിഷയത്തിൽ രണ്ട് കോഴ്സുകളുടെയും സിലബസ് പരിശോധിച്ച് തുല്യതാ സർട്ടിഫിക്കറ്റ് നൽകാവുന്നതാണോ എന്ന് റിപ്പോർട്ട് നൽകുവാൻ വ്യാവസായിക പരിശീലന വകുപ്പിൻ കീഴിലുള്ള കൊല്ലം വനിത ഐ.ടി.ഐ. പ്രിൻസിപ്പാളിനെയും രണ്ട് ഇൻസ്ട്രക്ടർമാരെയും ചുമതലപ്പെടുത്തുകയും ടി കോഴ്സുകളുടെ സിലബസ് പരിശോധിച്ചതിൽ നിന്നും മെക്കാനിക്ക് ആട്ടോഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് കോഴ്സും സി.ഒ.ഇ. ആട്ടോമൊബൈൽ ക്ലസ്റ്ററിലെ അഡ്വാൻസ് മൊഡ്യൂൾ കോഴ്സായ ആട്ടോഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് & എയർ കണ്ടീഷനിംഗ് ഇൻ ആട്ടോമൊബൈലും തുല്യമാണ് എന്ന് ടി കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്ക് ആട്ടോഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് കോഴ്സും ( 0 1 വർഷം) സി.ഒ.ഇ ആട്ടോഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് & എയർ കണ്ടീഷനിംഗ് ഇൻ ആട്ടോമൊബൈൽ കോഴ്സും ( 0 2 വർഷം) തുല്യമാണെന്ന് സർക്കാർ ഉത്തരവ് ഉണ്ടാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം 2-ലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സൂചന 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മെക്കാനിക്ക് ആട്ടോഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് കോഴ്സിന് തത്തുല്യമായി സി.ഒ.ഇ. ആട്ടോമൊബൈൽ ക്ലസ്റ്ററിലെ അഡ്വാൻസ് മൊഡ്യൂൾ കോഴ്സായ ആട്ടോഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് & എയർ കണ്ടീഷനിംഗ് ഇൻ ആട്ടോമൊബൈൽ കോഴ്സിനെ പരിഗണിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**R THARA DEVI**
**JOINT SECRETARY**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ. ശ്രീജിത്ത്. സി., ഒലിപ്പുവിള കിഴക്കതിൽ വീട്ട്, വെറ്റിലതാഴം, ഡീസന്റ്-
ജങ്ഷൻ (പി.ഒ), കൊല്ലം - 691577.

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.